ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27-3-2015-ലെ കത്ത് പ്രകാരം ടഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 3-6-2015-ൽ ഈ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരികയാണ്. താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതാണ്.

പഴയങ്ങാടി ടഷറി കെട്ടിട നിർമ്മാണം

194 (539) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇൻകെലിനെ ഏൽപ്പിച്ച പഴയങ്ങാടി ടഷറി കെട്ടിട നിർമ്മാണം ഇപ്പോൾ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ ;

(ബി) ഭരണാനുമതി ലഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ടഷറി കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി ഉൾപ്പെടെയുള്ള ഏതാനും ടഷറി കെട്ടിടങ്ങളുടെ കെട്ടിട നിർമ്മാണം ഇൻകെൽ ഉപേക്ഷിച്ചിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ടഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

കിളിമാനൂർ സബ്ടഷറി

195 (540) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ സബ്ടഷറിയുടെ പ്രവർത്തനം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അനുവദിച്ചിരിക്കുന്ന സ്ഥലത്തേക്ക് മാറ്റാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) മിനി സിവിൽ സ്റ്റേഷനിൽ ടഷറി പ്രവർത്തനത്തിനാവശ്യമായ ക്യാബിൻ സൗകര്യമുൾപ്പെടെ പൂർണ്ണ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly